(ബി) എങ്കിൽ ആയതിനുള്ള നിബന്ധനകൾ വിശദമാക്കുമോ ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് ദന്തൽ സർജന്മാരുടെയും ഗവൺമെന്റ് ദന്തൽ കോളേജുകളിലെ ടീച്ചിംഗ് ഫാക്കൽറ്റികളുടെയും നിയമനം വ്യത്യസ്ത പി.എസ്.സി നിയമനങ്ങളാണ്. യോഗ്യതയും ശമ്പള സ്കെയിലും വ്യത്യസ്തവുമാണ്. അതിനാൽ ആരോഗ്യവകുപ്പിലെ അസിസ്റ്റന്റ് ഡെന്റൽ സർജന്മാർക്ക് ഗവൺമെന്റ് ഡെന്റൽ കോളേജുകളിലേയ്ക്കുള്ള നിയമനം അനുവദനീയമല്ല.

(ബി) ബാധകമല്ല.

അസിസ്റ്റന്റ് ഡെന്റൽ സർജന്മാരുടെ നിയമനം

66 (2275) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് ഡെന്റൽ കോളേജിലേക്ക് ആരോഗ്യവകുപ്പിൽനിന്ന് എത്ര അസിസ്റ്റന്റ് ഡെന്റൽ സർജൻമാരെ മാറ്റിനിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) അവരുടെ പേരും, നിയമിക്കപ്പെട്ട തീയതിയും ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഒരു അസിസ്റ്റന്റ് ഡെന്റൽ സർജനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

(ബി) പേര്-ഡോ. വരുൺകുമാർ. എസ്.
നിയമിക്കപ്പെട്ട തീയതി - 10-4-2015.

പഴങ്ങളിലേയും പച്ചക്കറികളിലേയും അമിത കീടനാശിനി പ്രയോഗം

67 (2276) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമിതമായി കീടനാശിനി പ്രയോഗിച്ച പഴങ്ങളും പച്ചക്കറികളും പാലക്കാട് ജില്ലയിലെ വിപണികളിൽ വിൽപന നടത്തുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആരോഗ്യത്തിന് ഹാനികരമായ ഇത്തരം ഭക്ഷ്യവസ്തുക്കൾ പിടിച്ചെടുക്കുന്നതിനായി കഴിഞ്ഞ 6 മാസത്തിനിടയിൽ ജില്ലയിൽ എത്ര റെയ്ഡുകൾ നടത്തിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ആരോഗ്യവകുപ്പും ഭക്ഷ്യസുരക്ഷാവകുപ്പും സംയുക്തമായാണോ ഇത്തരം റെയ്ഡുകൾ നടത്തുന്നത് ;

(ഡി) പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 54 സ്ഥാപനങ്ങളിൽ പരിശോധന നടത്തി സാമ്പിളുകൾ പരിശോധനയ്ക്കായി അയച്ചിട്ടുണ്ട്.

(സി) ഭക്ഷ്യസുരക്ഷാവകുപ്പ് മാത്രമാണ് പ്രസ്തുത പരിശോധനകളിൽ പങ്കെടുത്തിട്ടുള്ളത്.

(ഡി) പരിശോധനാഫലം ലഭ്യമാകുന്നമുറയ്ക്ക് 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലും അനുബന്ധചട്ടങ്ങളിലും അനുശാസിക്കും പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതാണ്.

ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്

68 (2277) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് എന്നാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ ആക്ട് നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുതആക്ടിൽ സർക്കാർ ആശുപത്രികളും പ്രൈവറ്റ് ആശുപത്രികളും പാലിക്കേണ്ട നിബന്ധനകൾ എന്തൊക്കെയാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് നിലവിൽ വന്നിട്ടില്ല. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ എന്നിവയുടെ പ്രവർത്തനം നിയന്ത്രിക്കാനുദ്ദേശിച്ചുള്ള കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ്

LIBRARY ARCHIVES Kerala Legislative Assembly